**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4429** **06-03-2023 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പാദന-കയറ്റുമതി രംഗം അഭിവൃദ്ധിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ ഉപയുക്തത കൂട്ടി പരമാവധി ചകിരി സംസ്കരിക്കാനും ചകിരിനാരിന്റേയും കയറുല്പന്നങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്താനും ഇതിലൂടെ മൂല്യവർദ്ധനവ് നടപ്പിലാക്കാനും സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | ഉല്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ. പരിസ്ഥിതി സൗഹൃദമായ കയർ ബാഗുകൾ രൂപകല്പന ചെയ്ത് ഫോമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് വഴി ഉല്പാദിപ്പിച്ച് വിപണനം ചെയ്ത് വരുന്നുണ്ട്. ചകിരിച്ചോറ് കമ്പോസ്റ്റ്, ജല ശുദ്ധീകരണ കാർട്ടിഡ്ജുകൾ എന്നിവയുടെ രൂപകല്പന പുരോഗമിച്ചു വരികയാണ്. കൂടാതെ പരമ്പരാഗത കയർ മേഖലയിലെ വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനവും എൻ.സി.ആർ.എം.ഐ. നടത്തി വരുന്നുണ്ട്.<br><br>യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഉല്പന്നങ്ങളുടെ വൈവിധ്യ വൽക്കരണത്തിലൂടെയും കയർ ഭൂവസ്ത്ര പദ്ധതിയുടെ വ്യാപനത്തിലൂടെയും കയറിനും കയറുല്പന്നങ്ങൾക്കും വിപണി സാധ്യത കണ്ടെത്തുന്നുണ്ട്. വൈക്കം, ആലപ്പുഴ കയർ പ്രോജക്ടുകൾക്ക് കീഴിലെ പതിനഞ്ച് ഡീഫൈബറിംഗ് യൂണിറ്റുകളെ അംഗങ്ങളാക്കി ആലപ്പുഴ ജില്ലയിലെ കാട്ടുകട ആസ്ഥാനമാക്കി വൈക്കം കയർ കൺസോർഷ്യം രൂപീകരിച്ച് ചകിരി ഉല്പാദനം നടത്തി വരുന്നു. |
| (ബി) | നിലവിലുള്ള കയർ തൊഴിലാളികൾക്ക് സമ്പൂർണ്ണ തൊഴിൽ നൽകുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കയർ മേഖലയിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പശ്ചാത്തല സൗകര്യ വികസനവും യന്ത്രവത്ക്കരണവും നടപ്പിലാക്കി വരുന്നുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം. ഐ)–യുടെ നേതൃത്വത്തിൽ പരിസ്ഥിതി സൗഹൃദമായ കയർബാഗുകൾ രൂപകല്പന ചെയ്ത് ഉല്പാദനവും വിതരണവും ചെയ്ത് വരുന്നുണ്ട്. കൂടാതെ കയർമേഖലിൽ ജോലി ചെയ്യുന്ന വനിതകൾക്കായുള്ള ഇ-റാട്ട് പരിശീലനം |

| | | | |
|---|---|---|---|
| | | | എൻ.സി.ആർ.എം.ഐ. നടത്തി വരുന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷം നാളിതുവരെ 50.26 ലക്ഷം ചതുരശ്ര മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ബഹുരാഷ്ട്ര ധനസഹായത്തോടെ കയർ ഉല്പാദന-കയറ്റുമതി രംഗം അഭിവൃദ്ധിപ്പെടുത്താൻ വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | കയറുല്പാദന കയറ്റുമതി രംഗത്ത് ബഹുരാഷ്ട്ര ധന സഹായം ലഭ്യമായിട്ടില്ല. കയറുല്പന്നങ്ങളുടെ വിദേശ വിപണി കണ്ടെത്തുവാനും കയറ്റുമതി പ്രോത്സാഹി പ്പിക്കുവാനും എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്, ഹാൻഡ് ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ എന്നിവ വഴി എക്സിബിഷനുകളിലും ബയർ-സെല്ലർ മീറ്റുകളിലും നേരിട്ടും ഓൺ-ലൈനിലുമായി പങ്കെടുത്ത് പുതിയ ബൈയേർസിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ